പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1577 31 /01/2018 ലെ മറുപടിക്ക്

അഗ്രോപാർക്ക്

ചോദ്യം

ശ്രീ.കെ. രാജൻ

ഉത്തരം

ശ്രീ.വി.എസ് സുനിൽ കുമാർ
കൃഷി വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ സ്ഥാപിക്കുന്ന അഗ്രോപാർക്കിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും Special Purpose Vehicle (SPV)ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 625/2017/കൃഷി തീയതി, 22.06.2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് Detailed Project Report (DPR) തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB)-ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയെയാണ് പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് |
| (സി) | ഇവിടെ ഏതെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | താഴെ പറയുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് കണ്ണാറയിലെ ബനാന &ഹണി പാർക്കിൽ ഉൽപ്പാദിപ്പിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നത്<br>**<u>മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ - ബനാന</u>**<br>1. ബനാന ചിപ്സ്<br>2. റൈപ് ബനാന പൌഡർ<br>3. ബനാന ഫ്രൂട്ട് ജൂസ് ഡിപ്പ്<br>4. ബനാന ഹണി ഡിപ്പ്<br>5. സൺ ഡ്രൈഡ് ബനാന ചിപ്സ്<br>6. പേപ്പർ & ബോർഡ്സ് ഫ്രം ബനാന സ്റ്റം വേസ്റ്റ്<br>7. ബനാന ഫൈബർ എക്സ്ട്രാക്ഷൻ പ്രോഡക്ട്<br>8. ജൂസ്, വൈൻസ്, ബിയർ |